# VideshSampark Seminar at Bengaluru

February 26, 2020

---

## ബെംഗളൂരുവിൽ വിദേശ സമ്പർക്ക സെമിനാർ
**26 ഫെബ്രുവരി, 2020**

26 ഫെബ്രുവരി 2020 ന് വിദേശ സമ്പർക്ക ശ്രേണിയിൽ ക്രമീകരിച്ചിട്ടുള്ള സ്റ്റേറ്റ് ഔട്ട് റീച് ഇവൻറ്റിൽ വിദേശകാര്യകാര്യ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘത്തെ ബഹുമാനപ്പെട്ട സംസ്ഥാന വിദേശകാര്യ മന്ത്രി ശ്രീ.വി മുരളീധരൻ നയിച്ചു. കർണാടക സംസ്ഥാന സർക്കാരിലെ മുതിർന്ന ഉദ്യോഗസ്ഥരും വ്യവസായ പ്രതിനിധികളും ഉൾപ്പെടുന്ന സംഘത്തെ ബഹുമാനപ്പെട്ട നിയമകാര്യവകുപ്പ് ,പാർലിമെന്ററി വകുപ്പ്, നിയമ നിർവാണ ചെറുകിട ജലസേചന വകുപ്പ് മന്ത്രിയായ ശ്രീ J C മധുസ്വാമി നേതൃത്വം വഹിച്ചു. കർണാടകയിൽ നിന്നുള്ള തിരഞ്ഞെടുപ്പ് ഏജൻസികൾ, മറ്റു ഓഹരിയുടമകൾ മാധ്യമങ്ങൾ എന്നിവരും പങ്കെടുത്തു.

വിദേശകാര്യവകുപ്പ് കർണാടക സർക്കാരിന്റെ പങ്കാളിത്തത്തോടെയാണ് വിദേശ സമ്പർക്ക പ്രോഗ്രാമിന് കീഴിൽ സ്റ്റേറ്റ് ഔട്ട് റീച്ച് ഇവന്റ് ബെംഗളൂരുവിൽ സംഘടിപ്പിച്ചത്.ഉദ്ഘാടന സമയത്ത് സംസ്ഥാന വിദേശകാര്യ മന്ത്രി ശ്രീ V. മുരളീധരൻ, കർണാടക നിയമ മന്ത്രി ശ്രീ J.C. മധുസ്വാമി എന്നിവർ മുഖ്യ പ്രഭാഷണങ്ങൾ അവതരിപ്പിച്ചു.

പരിപാടിയിൽ, സുരക്ഷിതവും നിയമവിധേയവുമായ കുടിയേറ്റങ്ങൾ സാധ്യമാക്കുന്നതിന് കൗൺസിൽ, പാസ്സ്പോർട്ട്, ദേശാന്തരവാസം എന്നിവ സംബന്ധിച്ച മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ, പദ്ധതികൾ, സംരംഭങ്ങൾ എന്നിവയെപ്പറ്റി സംസ്ഥാന സർക്കാരിന്റെ ഉദ്യോഗസ്ഥർ, ഓഹരിയുടമകൾ എന്നിവർക്കിടയിൽ അവബോധം വർധിപ്പിക്കുന്നതിന് ആവശ്യമായ ആഴത്തിലുള്ള ചർച്ചകൾ ഉൾപ്പെട്ടു. വ്യാപാരം നിക്ഷേപം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിൽ പുതിയ രീതി ഉൾക്കൊള്ളിക്കുകയുണ്ടായി. ഓഹരിയുടമകളുമായി സമ്പർക്കം നടത്തുന്ന സെഷനുകളിലൂടെ, എങ്ങനെയാണ് സംസ്ഥാന സർക്കാരും മന്ത്രാലയവും ഇത്തരം മേഖലകളിലുള്ള പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനുള്ള ഏകോപനം ദൃഢപ്പെടുത്തുന്നത്, നടപടി ക്രമങ്ങൾ തയാറാക്കുന്നത് കൂടാതെ മികച്ച പ്രവർത്തനങ്ങൾ പങ്കു വയ്ക്കുന്നത് എന്നിവയെല്ലാം ആഴത്തിൽ മനസിലാക്കുന്നതിനുള്ള അവസരം പ്രദാനം ചെയ്തു.

വരുന്ന മാസങ്ങളിൽ വിവിധ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് കൂടുതൽ പരിപാടികൾ സംഘടിപ്പിക്കാൻ മന്ത്രാലയം പദ്ധതിയിടുന്നുണ്ട്.

**ന്യൂ ഡൽഹി**
**26 ഫെബ്രുവരി , 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release